(ബി) ഇതിനുവേണ്ടി 8-ാം ധനകാര്യകമ്മീഷനു ശുപാർശ ചെയ്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ കാർട്ടേഴ്സ് പണിയുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) കാർട്ടേഴ്സ് പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. 31-7-1986ന് മുമ്പ് ടെൻഡർ പരസ്യം ചെയ്യുന്നതാണ്.

വിജിലൻസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ

343 [375] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 10-6-1986 വരെ വിജിലൻസ് വകുപ്പ് എത്ര കേസുകൾ രജിസ്റ്റർ ചെയ്തു; എത്ര ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടികൾ എടുത്തു;

(ബി) ഇതുമൂലം എത്ര ഉദ്യോഗസ്ഥന്മാരെ സർവ്വീസിൽനിന്നും നീക്കം ചെയ്തു;

(സി) എത്ര സിനിമാ തിയേറ്ററുകളിൽ വിജിലൻസ് വകുപ്പ് പരിശോധനകൾ നടത്തി;

(ഡി) ഇതുമൂലം എത്ര തിയേറ്റർ ഉടമകളേയും ജീവനക്കാരേയും ശിക്ഷിച്ചു?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 349 കേസുകൾ രജിസ്റ്റർ ചെയ്തു. ഇതിൽ 122 ഗസറ്റഡ് ഉദ്യോഗസ്ഥൻമാരും 358 നോൺ ഗസറ്റഡ് ഉദ്യോഗസ്ഥൻമാരും 224 പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥൻമാരും പ്രതികളാണ്.

(ബി) ഒരു ഗസറ്റഡ് ഉദ്യോഗസ്ഥനേയും 7 നോൺ ഗസറ്റഡ് ഉദ്യോഗസ്ഥൻമാരേയും സർവ്വീസിൽനിന്നും നീക്കം ചെയ്തിട്ടുണ്ട്.

(സി) 330

(ഡി) ഇതുമൂലമുള്ള കേസുകളിൻമേൽ നടപടികൾ നടത്തി വരുന്നു. അവസാന തീർപ്പായാൽ മാത്രമേ ആരെയെല്ലാം ശിക്ഷിച്ചു എന്നുപറയാൻ സാധിക്കുകയുള്ളൂ.

പോലീസുകാർക്ക് മെഡൽ നൽകുന്നതിനുള്ള മാനദണ്ഡം

344 [376] ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം എത്ര പോലീസുകാർക്ക് മെഡൽ നൽകി;

(ബി) ഇവരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1986-ലെ റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് കേരളത്തിൽ നിന്ന് ആറു (6) പേർ പ്രസിഡൻറിൻെറ പോലീസ് മെഡലിനായി തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

(ബി) സ്തുത്യർഹമായ സേവന നേട്ടങ്ങളുടേയും സൽസ്വഭാവത്തിൻേറയും പൂർവകാല സേവന രേഖകളുടേയും അടിസ്ഥാനത്തിൽ നടത്തുന്ന വിലയിരുത്തലിനെ ആധാരമാക്കി കേന്ദ്രഗവൺമെൻറിന് സംസ്ഥാന ഗവൺമെൻറ് ആവശ്യമായ ശുപാർശകൾ നടത്തുകയും സംസ്ഥാന ഗവൺമെൻറിൻെറ ശുപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെൻറ് മെഡലിനർഹരായവരുടെ അന്തിമ തിരഞ്ഞെടുപ്പ് നടത്തുകയും ചെയ്യുകയാണ് പതിവ്.

പ്രീഡിഗ്രി ബോർഡ് രൂപീകരണത്തിനെതിരെയുള്ള സമരത്തിൽ അറസ്റ്റുചെയ്യപ്പെട്ടവർ

345 [377] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പ്രീഡിഗ്രി ബോർഡ് രൂപീകരണത്തിനെതിരെ സമരം നടത്തുന്ന എത്ര യൂണിവേഴ്സിറ്റി ജീവനക്കാരെ ഇതിനകം അറസ്റ്റുചെയ്തിട്ടുണ്ട്; ഏതെല്ലാം വകുപ്പുകൾ പ്രകാരം?

ഉത്തരം

808 ജീവനക്കാരെ അറസ്റ്റുചെയ്തിട്ടുണ്ട്. കേരള അവശ്യ സർവ്വീസ് സംരക്ഷണനിയമം, ഇന്ത്യൻ ശിക്ഷാനിയമം 341, 309, 143, 147, 149 എന്നീ വകുപ്പുകൾ പ്രകാരം.

ജില്ലാ ഓഫീസുകൾ പിക്കറ് ചെയ്തതിന് അറസ്റ്റിലായ വിദ്യാർത്ഥികൾ

346 [378] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 12-6-1986-ൽ തൃശൂരിലും ഇരിഞ്ഞാലക്കുടയിലും കണ്ണൂരിലും ജില്ലാ ഓഫീസുകൾ പിക്കറുചെയ്ത എത്ര വിദ്യാർത്ഥികളെ അറസ്റ്റുചെയ്തു;

(ബി) മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ പോലീസിൻെറ ലാത്തിയടികൊണ്ടും ബലപ്രയോഗം കൊണ്ടും എത്ര വിദ്യാർത്ഥികൾക്ക് പരുക്കേറ്റു. എത്രപേരെ ആശുപത്രികളിൽ പ്രവേശിപ്പിച്ചു;

(സി) ഇരിഞ്ഞാലക്കുടയിൽ പിക്കറിങ്ങിന് വന്ന യുവാക്കളെ പോലീസ് കഠിനമായി മർദ്ദിച്ച സംഭവത്തെപ്പറ്റി അന്വേഷിക്കുമോ;

ഉത്തരം

(എ) ജില്ലാ ഓഫീസുകൾ പിക്കറുചെയ്ത ഒരു വിദ്യാർത്ഥിയെയും അറസ്റ്റ് ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly